## സംയുക്താ മീറ്റിംഗ് – കോട്ടയം മേഖല

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോട്ടയം മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ മേഖലാ വേദിയായ സംയുക്തയുടെ യോഗം തിരുവഞ്ചൂരിൽ ഫാ. സജി ജോസഫ് പൂവത്തുകാട് ഉദ്ഘാടനം ചെയ്തു. മേഖലാ വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ മത്തായി അദ്ധ്യക്ഷയായിരുന്നു. വി.എസ്.എസ്.എസ് സി.ഡി.ഒ ജോസ്മി സെബാസ്റ്റ്യൻ വിലയിരുത്തൽ നടത്തി.

## ആരോഗ്യ സന്നദ്ധപ്രവർത്തക പരിശീലനം

ആരോഗ്യ സന്നദ്ധപ്രവർത്തകർക്കായി മൂന്നുമാസത്തിലൊരിക്കൽ നടത്തിവരുന്ന ബോധവത്കരണ സെമിനാർ അമലനിലയത്തിൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. കാൻസർ, ചികിത്സ എന്നിവയെപ്പറ്റി, മാറിയ ജീവിതശൈലി, വിവിധ രാജ്യങ്ങളിലെ പഠനങ്ങൾ, പത്ര,മെഡിക്കൽ റിപ്പോർട്ടുകൾ ഇവയുടെ അടിസ്ഥാനത്തിൽ എക്സൈസ് ഡപ്യൂട്ടി കമ്മീഷണർ സുരേഷ് റിച്ചാർഡ് ക്ലാസ്സ് നയിച്ചു.ഹെൽത്ത് കോ–ഓർഡിനേറ്റർ പ്രമീള ജോർജ്ജ് പ്രവർത്തന വിലയിരുത്തൽ നടത്തി. 55 പേർ പങ്കെടുത്തു.

## മെറിറ്റ് ഡേ 2017

വിജയപുരം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേയും കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിയുടേയും സംയുക്താഭിമുഖ്യത്തിൽ 'മെറിറ്റ് ഡേ 2017' സംഘടിപ്പിച്ചു. രൂപതാംഗങ്ങൾ, സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ബാലവേദിയംഗങ്ങൾ എന്നിവരിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ് ടു ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ 47 പേർ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ പിതാവിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി. നാനാതുറകളിൽ നിന്നുള്ള അറിവുകൾ സ്വായത്തമാക്കി നല്ല സമൂഹജീവികളായി നാം മാറേ തു ന്ന് അനുമോദനസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. രൂപതാ വികാരി ജനറാൾ മോൺ ജസ്റ്റിൻ അലക്സാ ർ മഠത്തിപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ചാൻസിലർ പെരിയ ബഹു. ഫാ. ജോർജ്ജ് ജോൺ മേരിമംഗലം, സൊസൈറ്റി ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ, കോർപറേറ്റ് മാനേജർ ഫാ. പോൾ ഡെന്നി

രാമച്ചംകുടി, സൊസൈറ്റി അസി.ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ,കുമാരി ആഗ്നസ് ലേബോ എന്നിവർ പ്രസംഗിച്ചു. കുട്ടികൾക്കായി നടന്ന അവബോധസെമിനാർ ഫാ. ഫിലിപ്പോസ് സി.എം.ഐ നയിച്ചു.

## കുടിൽ രഹിത രൂപത പദ്ധതി

കുടിൽ രഹിത രൂപതാ ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് 2017 വർഷത്തിൽ മുക്കയം-പാമ്പനാർ മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ സംഗമം കുട്ടിക്കാനം തേജസ് ആനിമേഷൻ സെന്ററിൽ വിജയപുരം രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ വി.എസ്.എസ്.എസ് പ്രോഗ്രം കോർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ, പാമ്പനാർ മേഖലാ കോർഡിനേറ്റർ സാബു വി ജോസഫ് എന്നിവർ പദ്ധതി വിശദീകരണം നടത്തി. 80 പേർ പങ്കെടുത്തു.

## പ്രവേശന പരീക്ഷാ വിജയികൾ

ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രവേശന പരീക്ഷയ്ക്ക് സജ്ജരാകുവാൻ രൂപതാംഗങ്ങളിൽ സമർത്ഥരായ 10 വിദ്യാർത്ഥികൾക്ക്, വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കോട്ടയം സിവിൽ സർവ്വീസ് അക്കാദമിയുമായി സഹകരിച്ച് പരിശീലനം നൽകുന്നു ്. ഇതിനായി നടത്തിയ യോഗ്യതാ പരീക്ഷയിൽ (2017-18) തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം താഴെ ചേർക്കുന്നു. ക്ലാസ്സുകൾ ജൂലൈ ആദ്യവാരം ആരംഭിക്കുന്നതാണ്.

1) നീനാ തോമസ്-നെടുമുടി

2) റിനു ആന്റപ്പൻ- ഏലപ്പാറ

3) യേശുദാസ് കെ.എ- വെട്ടിമുകൾ

4) അനു ജേക്കബ്- മുരിക്കടി

5) ആഗ്നസ് ലോബോ- ചങ്ങനാശ്ശേരി

6) അനീഷ് വർഗ്ഗീസ്- വടവാതൂർ

7) മെറിൻ പീറ്റർ- മധുരവേലി

8) അനിതമോൾ പി.പി- കാട്ടാമ്പാക്ക്

9) അഞ്ജന ജോർജ്ജ് - തെള്ളകം

10) ലിന്റുമോൾ രാജു- മു ക്കയം

# ജൂലൈ മാസ പരിപാടികൾ

5 ആശാകിരണം – കോർ ടീം മീറ്റിംഗ്

8 സാരഥി ഓട്ടോ ഡ്രൈവർമാരുടെ യോഗം

17<br>18 } സ്റ്റാഫ് പരിശീലന പരിപാടി<br>19

28 ആനിമേറ്റർമാരുടെ പ്രതിമാസയോഗം – കോട്ടയം,മു ക്കയം

29 ,, – പട്ടിത്താനം,തിരുവല്ല

# അന്താരാഷ്ട്ര ബാലവേലവിരുദ്ധദിനാചരണം

ജൂൺ 12 അന്താരാഷ്ട്ര ബാലവേലവിരുദ്ധദിനം കോട്ടയം ചൈൽഡ് ലൈൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, ജില്ലാ ലേബർ ഓഫീസ് എന്നിവയുടെ സംയുക്താഭി മുഖ്യത്തിൽ ആചരിച്ചു. എം.റ്റി സെമിനാരി സ്കൂളിൽ ജില്ലാ കളക്ടർ സി.എ ലത **പരി പാടി** ഉദ്ഘാടനം ചെയ്തു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി അസി.ഡ യറക്ടർ ഫാ.ഫെലിക്സ് ദേവസ്യ ബാലവേലവിരുദ്ധദിന പോസ്റ്റർ പ്രകാശനം ചെയ്തു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ബിനോയി വി.ജെ, ജില്ലാ ലേബർ ഓഫീസർ ആർ. ഗോപകുമാർ, എം.റ്റി സെമിനാരി ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ കുരുവിള മാത്യ, ഹെഡ്മാസ്റ്റർ ജോൺ മാത്യു, ചൈൽഡ് ലൈൻ നോഡൽ ഓഫീസർ ജസ്റ്റിൻ മൈക്കിൾ, കൊളാബ് കോ–ഓർഡിനേറ്റർ ജോമോൻ പി. എൽ എന്നിവർ സന്നിഹിതരായിരുന്നു.തുടർന്ന് ‘‘കുട്ടികളും സമൂഹവും’’ എന്ന വിഷ യത്തെ ആസ്പദമാക്കി ജില്ലയിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്കായി നടത്തിയ പോസ്റ്റർ ഡിസൈനിംഗ് മത്സരവിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.



**സന്നദ്ധപ്രവർത്തകർക്കായി എക്സൈസ് കമ്മീഷണർ സുരേഷ് റിച്ചാർഡ് ക്ലാസ്സ് നയിക്കുന്നു.**



ബാലവേലവിരുദ്ധദിനം ജില്ലാ കളക്ടർ സി.എസ് ലത ഉദ്ഘാടനം ചെയ്യുന്നു.



'മെറിറ്റ് ഡേ'യിൽ അഭിവന്ദ്യ പിതാവിനോടൊപ്പം



സംയുക്താ യോഗം ഫാ.സജി ജോസഫ് പൂവത്തുകാട് ഉദ്ഘാടനം ചെയ്യുന്നു.